സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ നടപടി

159 [3685] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പ്രത്യേക സഹകരണ പരീക്ഷാ ബോർഡ്, മുഖേന നടത്തുന്നത്;

(സി) കേരള സംസ്ഥാന സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ പെൻഷൻ ബോർഡ്, സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് എന്നിവയിലെ നിയമനങ്ങൾ നടത്തുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന തലത്തിലുള്ള മുകളിൽ സൂചിപ്പിച്ച സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളിലേയും 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലേയും നിയമനങ്ങളാണ് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടത്തുന്നത്. പ്രസ്തുത സ്ഥാപനങ്ങളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, പ്രൈമറി ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലെ ജൂനിയർ ക്ലാർക്കു മുതൽ മുകളിലോട്ടുള്ള തസ്തികകളിലെ നേരിട്ടുള്ള നിയമനങ്ങളാണ് കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് മുഖേന നടത്തുന്നത്.

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ അതാതു സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്.

(ഡി) മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ സഹകരണ സംഘങ്ങളോ, കേന്ദ്ര അപ്പക്സ് സഹകരണ സ്ഥാപനങ്ങളോ അല്ലാത്തതിനാൽ അവയിലെ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നടപ്പിലാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം-XIII

LIBRARY ARCHIVES Kerala Legislative Assembly